# ഗവ.എൽ.പി സ്കൂൾ. പഴശ്ശി

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ആമുഖം

കേരളത്തിന്റെ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതു വിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ ജീവിതവുമായി ബന്ധപ്പെടുത്തുക, നിരന്തര മൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക, പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് റൂമിൽ നടക്കേണ്ടതെന്ന കാഴ്ചപ്പാടോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ചരിത്രം

കേരളസിംഹം എന്നറിയപ്പെടുന്ന വീരകേരളവർമ്മ പഴശ്ശിരാജയുടെ പാദസ്പർശമേറ്റ മണ്ണിലാണ് പഴശ്ശി ഗവ. എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1928 ൽ മുസ്ലിം വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി മദ്രാസ് ഗവൺമെന്റ് ഒരു വാടകക്കെട്ടിടത്തിൽ ആരംഭിച്ചതാണ് ഈ വിദ്യാലയം. ആദ്യകാലത്ത് പഠിതാക്കൾക്ക് സ്റ്റൈപ്പന്റ് നൽകിയിരുന്നു. 1956 ൽ കേരള സംസ്ഥാനം രൂപീകൃതമായപ്പോൾ പഴശ്ശി ഗവ. മാപ്പിള എൽ.പി. സ്കൂൾ എന്നു നാമകരണം ചെയ്തു. അക്കാലത്ത് ഉരുവച്ചാൽ-ശിവപുരം റോഡരികിൽ പഴശ്ശി ജുമാമസ്ജിദിന് എതിർവശത്തായിട്ടാണ് ഈ സ്ഥാപനം സ്ഥിതി ചെയ്തിരുന്നത്. പഴശ്ശിയിലെ താമസിയായിരുന്ന മമ്മുസീതിയും അദ്ദേഹത്തിന്റെ സഹോദരൻ എൻ.എ സീതിയും സ്കൂൾ പ്രവർത്തനങ്ങളിൽ മഹനീയ സേവനം അർപ്പിച്ചവരാണ്.

മട്ടന്നൂർ നഗരസഭ ഉരുവച്ചാലിൽ സ്കൂളിനുവേണ്ടി സ്ഥലം വാങ്ങുകയും 2011 ജനുവരി 25ന് മനോഹരമായ കോൺക്രീറ്റ് കെട്ടിടം അന്നത്തെ നിയമസഭാസ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. നിലവിൽ രണ്ടു നിലകളിലായി താഴുവൻ

ടൈലുകൾ പാകിയും മുറ്റം ഇന്റർലോക്ക് ചെയ്തും വിദ്യാലയം ആകർഷകമാക്കിയിരുന്നു. അതുകൊണ്ടു തന്നെ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളാണുള്ളത്. ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനും സാധനങ്ങൾ സൂക്ഷിക്കുന്നതിനും വളരെ സൗകര്യമുള്ള കിച്ചൻ-കം-സ്റ്റോർ റൂം ഉണ്ട്. ഗേൾസ് ഫ്രണ്ട്‌ലി ശുചിമുറികൾ ഉൾപ്പെടെ 7 ശുചിമുറികളും ഒരു മൂത്രപ്പുരയുമുണ്ട്.

ആദ്യകാലത്ത് ആദായകരമായി പ്രവർത്തിച്ച സ്കൂൾ 1997 മുതൽ അനാദായകരമാകുകയും ക്രമേണ കുട്ടികൾ കുറഞ്ഞുവരികയും ചെയ്തു. സ്കൂൾബസ് സൗകര്യം വന്നതോടെ കുട്ടികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായി. കോവിഡിനുശേഷം നേരിയതോതിൽ കുട്ടികൾ കുറയാൻ കാരണമായത് തൊട്ടടുത്തുള്ള എയിഡഡ്, അൺഎയ്ഡഡ് സ്കൂളുകളുടെ അതിപ്രസരത്തോടെയായി മാറി. പ്രീ പ്രൈമറി കുട്ടികളടക്കം ഇപ്പോൾ 98 കുട്ടികളാണുള്ളത് ഉള്ളത്. കൂടുതൽ മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങൾ ലഭിച്ചാൽ സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താനും അതുവഴി കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കാനും കഴിയും.

പരിമിതികൾ:

ICT അധിഷ്ഠിത പഠനരീതി പ്രാവർത്തികമാക്കുന്നതിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കൂടിയേ തീരൂ. നിലവിലുള്ള പ്രവർത്തനരഹിതമായ അവസ്ഥയാണുള്ളത്. കൂടാതെ സ്മാർട്ട് ക്ലാസ്റൂം എന്നത് ഞങ്ങളുടെ ചിരകാല സ്വപ്നമാണ്. പഠനപിന്തുണ പല രക്ഷിതാക്കളിൽനിന്നും കിട്ടുന്നില്ല' എന്ന് മാത്രമല്ല ഉയർന്ന പങ്കാളിത്തം രക്ഷിതാക്കളുടെ ഭാഗത്തുനിന്നും വിദ്യാലയത്തിന് ലഭിക്കേണ്ടതും അത്യാവശ്യമാണ്. PTA ഫണ്ടിന്റെ ലഭ്യതക്കുറവ് അക്കാദമിക നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വിഘാതം സൃഷ്ടിക്കുന്നു.

കൂടാതെ അംഗീകാരമില്ലാത്ത പ്രീപ്രൈമറിയും സാമ്പത്തിക തടസം സൃഷ്ടിക്കുന്നുണ്ട്.

# ആമുഖം

സമഗ്രഗുണമേന്മ ഉറപ്പാക്കിക്കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ലക്ഷ്യമിടുന്ന പഠനലക്ഷ്യങ്ങളിലേക്കെത്തിക്കുക എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യം. ജൂൺ മാസത്തിൽ ആരംഭിച്ച് മാർച്ചിൽ അവസാനിക്കുന്നതും എന്നാൽ തുടർ പ്രവർത്തനങ്ങൾക്ക് വഴി തെളിച്ചു നൽകുന്നതുമായ പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതോടൊപ്പം തന്നെ കുട്ടികളിലെ ശാരീരികവും മാനസികവും വൈകാരികവുമായ നിലവാരം ഉയർത്താനുള്ള ഇടപെടലുകൾ കൂടി ലക്ഷ്യമിടുന്നു.

മാർച്ച് മാസം എത്തുമ്പോഴേക്കും കുട്ടികൾ സ്വതന്ത്ര വായനക്കാരും സ്വതന്ത്ര രചനക്കാരുമായി മാറേണ്ടതുണ്ട്. ഒപ്പം തന്നെ വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടാനും സംയുക്ത ഡയറി രചനോത്സവം ഇവയൊക്കെ മെച്ചപ്പെടുത്താനും സാധ്യമാക്കേണ്ടതുണ്ട്. അതിനായി ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്

## JUNE

### പ്രവർത്തനങ്ങൾ

* അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
* CPTA യോഗം വിളിക്കൽ
* സചിത്ര ഡയറി / സംയുക്ത ഡയറി ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ
* ഉദ്ഗ്രഥിത സമീപനം ധാരണയാക്കൽ
* രക്ഷിതാക്കളെ പുതിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ
* ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണം
* കുട്ടിപ്പാട്ടുകൾ താളാത്മകമായി ചൊല്ലൽ
* കഥകൾ പറയൽ / വായിച്ചു കൊടുക്കൽ
* ഒന്നൊരുക്കം പ്രവർത്തനങ്ങൾ (ആദ്യ 10 ദിവസങ്ങളിൽ)
* വായന മൂല ഒരുക്കൽ (June 19) / ക്ലാസ് ലൈബ്രറി
* വീടൊരുക്കം
* ലോക്കൽ ടെക്സ്റ്റിലെ ഊന്നൽ അക്ഷരങ്ങൾ ഉൾപ്പെടുന്ന പദങ്ങൾ ഗ്രാഫിക് വായന നടത്തുന്നു.
* ചിത്രം നോക്കി വിവരണം / കഥ പറയൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## Std II

## മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനികമേഖല, സർഗാത്മകമേഖല, വൈകാരികമേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ് തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷീവികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണിയോടെ ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളുടെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായി ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മകപ്രവർത്തനങ്ങളിൽ
ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള
പ്രവർത്തനങ്ങൾ ചെയ്യുന്നു.
ലേഖനപ്രവർത്തനങ്ങളിലേർപ്പെട്ട് വ്യക്തിഗത മാഗസിനു
തയ്യാറാക്കാൻ അവസരമൊരുക്കുന്നു.

ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള
അവസരമൊരുക്കൽ (കവിതാപൂരണം)
ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കു
ന്നതിനുമുള്ള അവസരം ഒരുക്കൽ.

ഫെബ്രുവരി

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്ന്
ഉറപ്പുവരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)
കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർ
ന്നതിനുള്ള അവസരം ഒരുക്കൽ

മാർച്ച്

വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാ
ന്തൾ തയ്യാറാക്കൽ
വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായ
ന ഇവപ്രോത്സാഹിപ്പിക്കൽ -
ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ
## മലയാളം

**ലക്ഷ്യങ്ങൾ**

→ സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കുന്നു. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുന്നു.

→ കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരണം

→ രചനകൾ ഭാവാത്മകമായി വായിക്കുന്നു.

→ ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല്) സ്വായത്തമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുന്നു.

→ ലഘുവായ സർഗാത്മക രചനകൾ നടത്തുന്നു. (കഥ, കവിത, ഡയറി)

→ കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കുന്നു.

→ ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ
## ഗണിതം

### ലക്ഷ്യങ്ങൾ

- → ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം
- → ഗണിതം ലളിതമാക്കാം - കളികളിലൂടെ
- → ഗണിത ചിന്താശേഷി വളർത്തൽ
- → എണ്ണൽ സംഖ്യകൾ - പറയുക, വായിക്കുക, എഴുതുക.
- → നാണയം, നോട്ടുകൾ കൈകാര്യം ചെയ്യൽ
- → മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ, സ്ഥാനവിലക്കനുസരിച്ച് പിരിച്ചെഴുതൽ നിർധാരണം ചെയ്യൽ.
- → നീളം അളക്കുന്ന ഏകകങ്ങൾ പരിചയപ്പെടൽ
- → ഗുണനവസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കൽ.

### ജൂൺ - ജൂലൈ

- → ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, രേഖപ്പെടുത്തൽ
- → തോരണ നിർമ്മാണം, തോണി നിർമ്മാണം.
- → വെജിറ്റബിൾ പ്രിന്റിംഗ്
- → ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനാണ് അക്കാദമിക മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നത്.

ഓരോ വിദ്യാലയത്തിലും അനുഭവപ്പെടുന്ന പ്രശ്നങ്ങൾ സൂക്ഷ്മവിശകലനം ചെയ്ത് അവയുടെ പരിഹാരനിർദേശങ്ങളാവണം അക്കാദമിക മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തേണ്ടത്.

അക്കാദമിക മാസ്റ്റർപ്ലാൻ.

മലയാളം.

<u>ലക്ഷ്യങ്ങൾ</u>

* <u>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ</u>

<u>പ്രവർത്തനങ്ങൾ</u>. - ചുമതല - ക്ലാസ് ടീച്ചർ

* ചിത്രക്കാർഡുകൾ നൽകി പദങ്ങളും വാക്യങ്ങളും നിർമ്മിക്കൽ
* ചിത്രം - അടിക്കുറിപ്പ് തയ്യാറാക്കൽ.
* ചിത്രം - കഥ എഴുതൽ.
* ചിത്രം - കഥ പറയൽ.
* കഥ - ബാക്കി എഴുതൽ.
* കഥാപുസ്തകങ്ങൾ നൽകി - വായനക്കുറിപ്പുകൾ തയ്യാറാക്കൽ.
* ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ.
* സർഗവേളയിൽ കഥ പറയൽ.

- കാലം - ജൂൺ മുതൽ മാർച്ച് വരെ.

# ഗവ: എൽ.പി. സ്കൂൾ പഴശ്ശി

## അക്കാദമിക് മാസ്റ്റർ പ്ലാൻ – അറബി.

ക്ലാസ് - I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സഹായത്തിന് |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാകുന്നു. | • അക്ഷര വായന | I , II | ജൂൺ – ജൂലൈ | / | |
| | • ക്ലാസ് വായന | I , II | ജൂൺ – ഫെബ്രു | | PTA |
| | • ലൈബ്രറി വായന | III , IV | | അധ്യാപകർ | SRS |
| | • ചിത്ര വായന | I – IV | | | |
| | • മാഗസിൻ വായന | III , IV | നവംബർ – ഡിസംബർ | / | |
| | • വീട്ടിലെ വായന | I – IV | | | |
| | • കഥാവായന | III , IV | | | |
| | • വായനാ മത്സരങ്ങൾ | II , III , IV | ജൂൺ – മാർച്ച് | | |
| | • ബോണി റീഡിംഗ് | | ജൂൺ – മാർച്ച് | | |
| | • വാക്യങ്ങൾ ഉറപ്പിക്കൽ | I – IV | ജൂൺ – മാർച്ച് | | |
| | • ഇ വായന | I – IV | ജൂൺ – മാർച്ച് | | |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാകുന്നതിന്. | • ഇ. ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു. | I – IV | ജൂലൈ – മാർച്ച് | | |
| | • ലാംഗ്വേജ് ഗെയിംസ് | | | അധ്യാപകർ | |
| | • റോൾ പ്ലേ | I – IV | ജൂലൈ – മാർച്ച് | | PTA. |
| | • ക്ലാസ് സംഭാഷണം | | | | |
| | • കാർഡുകൾ | | | | |
| | • പ്രദർശനം | I – IV | ആഗസ്റ്റ് – സെപ്റ്റംബർ | | |
| | • പദസമ്പത്ത് വർദ്ധിപ്പിക്കൽ | III – IV | | | |